(ബി) അക്കാപാർക്ക് സ്ഥാപിക്കുന്നതിന് സ്ഥകാര്യ സംരംഭകരെ കണ്ടെത്തുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരം വാണിജ്യ സ്വഭാവമുള്ള പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഡി.ടി.പി.സി.-യോട് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) മേൽഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തിയ ടൂറിസം വികസന പദ്ധതികൾ

10 [1788] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടുകൂടി ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തിയ ടൂറിസം വികസനത്തിനുവേണ്ടി സമർപ്പിച്ച പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഓരോ സ്കീമിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും അവയ്ക്ക് ഓരോന്നിനും എന്തു തുക ലഭിച്ചു എന്നും, ഓരോന്നിനും എന്തു തുക ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടൂറിസം വികസനത്തിനുവേണ്ടി നബാർഡിന്റെ ധനസഹായത്തോടുകൂടി ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ച പ്രൊപ്പോസലുകൾ താഴെ ചേർക്കുന്നു.

1. ചാലക്കുടി-വാഴച്ചാൽ റോഡിന്റെ നിർമ്മാണം—10 കോടി രൂപ.
2. നെല്ലിയാംപതി-നെന്മാറ റോഡിന്റെ നിർമ്മാണം—25 കോടി രൂപ.

(ബി) ചാലക്കുടി-വാഴച്ചാൽ റോഡിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. 10 കോടി രൂപ ചെലവ് വരുന്നതിൽ 7.30 കോടി രൂപ ഗവൺമെന്റ് നൽകിയിട്ടുണ്ട്. നെല്ലിയാമ്പതി-നെന്മാറ റോഡിന്റെ നിർമ്മാണം തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly